<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3749</u> <u>27-06-2024 - ൽ മറുപടിയ്ക്ക്</u>

<u>മോട്ടോർ വാഹന വകുപ്പിലെ ജി.പി.എസ്. കൺട്രോൾ റൂമുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ എത്ര ചെക്ക് പോസ്റ്റുകൾ ഉണ്ടെന്നറിയിക്കാമോ; ഓരോ ചെക്ക് പോസ്റ്റുകളിലെയും ജീവനക്കാരുടെ എണ്ണം ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; വകുപ്പിൽ നിലനിൽക്കുന്ന സ്റ്റാഫ് പാറ്റേൺ ഏതു വർഷമാണ് നിലവിൽ വന്നത് എന്നറിയിക്കാമോ; | (എ) | ചെക്ക് പോസ്റ്റുകളുടെയും ചെക്ക് പോസ്റ്റിലെ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരങ്ങളും അനുബന്ധം I ആയി ചേർക്കുന്നു. സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | സ്ത്രീസുരക്ഷ മുൻ നിർത്തി നടപ്പിലാക്കിയ സുരക്ഷ മിത്ര, ജി. പി. എസ്. മോണിറ്ററിംഗ് സിസ്റ്റം എന്നിവ നിരീക്ഷിക്കാൻ വേണ്ടി എത്ര ജി.പി.എസ്. കൺട്രോൾ റൂമുകൾ ഉണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ; അതിൽ ആകെ എത്ര ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്നറിയിക്കാമോ; | (ബി) | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ 1 മാസ്റ്റർ കൺട്രോൾ റൂമും, എല്ലാ ജില്ലകളിലും ഓരോ കൺട്രോൾ റൂമും ഉൾപ്പെടെ ആകെ 15 കൺട്രോൾ റൂമുകൾ ഉണ്ട്. മാസ്റ്റർ കൺട്രോൾ റൂമിൽ മോട്ടോർ വാഹന വകുപ്പിലെ ഒരുദ്യോഗസ്ഥനും CDAC -ൽ നിന്നുള്ള 2 ഉദ്യോഗസ്ഥരും ഉൾപ്പെടെ 3 ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നു. ആർ.ടി.ഒ. എൻഫോഴ്സ്മെന്റ് ജീവനക്കാർ അവരുടെ മറ്റു ജോലികൾക്കൊപ്പം ജില്ലാ കൺട്രോൾ റൂമിന്റെ ചുമതലയും നിർവ്വഹിക്കുന്നു. ഇതിനായി പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല. |
| (സി) | കേരള മോട്ടോർ വാഹന വകുപ്പിൽ ആകെ എത്ര ജി.പി.എസ്. കൺട്രോൾ റൂമുകൾ ഉണ്ട്; അതിൽ ആകെ എത്ര ഉദ്യോഗസ്ഥർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; വിശദമാക്കാമോ; | (സി) | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ 1 മാസ്റ്റർ കൺട്രോൾ റൂമും, എല്ലാ ജില്ലകളിലും ഓരോ കൺട്രോൾ റൂമും ഉൾപ്പെടെ ആകെ 15 കൺട്രോൾ റൂമുകൾ ഉണ്ട്. മാസ്റ്റർ കൺട്രോൾ റൂമിൽ മോട്ടോർ വാഹന വകുപ്പിലെ ഒരുദ്യോഗസ്ഥനും CDAC -ൽ നിന്നുള്ള 2 ഉദ്യോഗസ്ഥരും ഉൾപ്പെടെ 3 ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നു. ആർ.ടി.ഒ. എൻഫോഴ്സ്മെന്റ് ജീവനക്കാർ അവരുടെ മറ്റു ജോലികൾക്കൊപ്പം ജില്ലാ കൺട്രോൾ റൂമിന്റെ ചുമതലയും നിർവ്വഹിക്കുന്നു. ഇതിനായി പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല. |
| (ഡി) | അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ കൂടുതൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്നതുമായി | (ഡി) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ കൂടുതൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തുന്നതുമായി |

| | | | |
|---|---|---|---|
| | ബന്ധപ്പെട്ട് സർക്കാർ പി. എസ്. സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | | ബന്ധപ്പെട്ട് നിലവിൽ പി.എസ്.സി - ക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. ഇതിനായുള്ള പ്രൊപ്പോസലുകൾ വകുപ്പ് മേധാവിയിൽ നിന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നം. | ചെക്ക് പോസ്റ്റ് | ജീവനക്കാരുടെ എണ്ണം | | |
|---|---|---|---|---|
| | | എം.വി.ഐ. | എ.എം.വി.ഐ. | ഓഫീസ് അറ്റൻഡന്റ് |
| 1 | അമരവിള(ഇൻ) | 1 | 3 | 3 |
| 2 | അമരവിള (ഔട്ട്) കുറുംകുട്ടി | 1 | 3 | 3 |
| 3 | ആര്യങ്കാവ് | 1 | 3 | 3 |
| 4 | പൂവാർ | 1 | 3 | 3 |
| 5 | കുമിളി | 1 | 3 | 3 |
| 6 | വാളയാർ (ഇൻ) | 3 | 12 | 4 |
| 7 | വാളയാർ (ഔട്ട്) | 1 | 3 | 3 |
| 8 | ഗോവിന്ദപുരം | 1 | 3 | 3 |
| 9 | ഗോപാലപുരം | 1 | 6 | 6 |
| 10 | മീനാക്ഷിപുരം | 1 | 3 | 3 |
| 11 | വഴിക്കടവ് | 1 | 3 | 3 |
| 12 | നടുപ്പുണി | 1 | 3 | 3 |
| 13 | വേലന്താവളം | 1 | 3 | 3 |
| 14 | ഉഴലപ്പതി (താൽക്കാലിക ചെക്ക് പോസ്റ്റ്) | 2 | 3 | 3 |
| 15 | മഞ്ചേശ്വരം | 1 | 4 | 4 |
| 16 | നീലേശ്വരം | 1 | 3 | 3 |
| 17 | മുത്തങ്ങ | 1 | 3 | 3 |
| 18 | പെർള | 1 | 3 | 3 |
| 19 | കാട്ടിക്കുളം | 1 | 3 | 3 |
| 20 | ഇരിട്ടി | 1 | 3 | 3 |